പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3660 — 24.06.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി വിതരണമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം. എ. വാഹീദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; | (എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി 2014-15 കാലയളവിൽ 2665 കിലോ മീറ്റർ 11 കെ. വി. ലൈൻ നിർമ്മാണം, 4322 കിലോ മീറ്റർ എൽ. റ്റി. ലൈൻ നിർമ്മാണം, 3788 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 3471 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനിനെ ത്രീ ഫേസ് ആക്കി മാറ്റൽ, 5211 കിലോ മീറ്റർ എൽ. റ്റി. ലൈനിലെ കമ്പി മാറ്റൽ, 569 കിലോ മീറ്റർ എച്ച്. റ്റി. ലൈനിലെ കമ്പി മാറ്റൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 4,35,861 വൈദ്യുതി കണക്ഷനുകൾ നല്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) ഈ സർക്കാർ വന്നതിനു ശേഷം 5965 കിലോ മീറ്റർ 11 കെ. വി. ലൈൻ നിർമ്മാണം, 10910 കിലോ മീറ്റർ എൽ. റ്റി. ലൈൻ നിർമ്മാണം, 10102 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 8075 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനിനെ ത്രീ ഫേസ് ആക്കി മാറ്റൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം തരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു 220 കെ. വി, ഒൻപത് 110 കെ. വി., രണ്ട് 66 കെ. വി., പത്തൊൻപത് 33 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും കമ്മീഷൻ ചെയ്തു. |

സെക്ഷൻ ഓഫീസർ.